പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2744 10/07/2015-ൽ മറുപടിക്ക്

**നെൽകർഷകർക്ക് സഹായം**

ചോദ്യം

ശ്രീ.ജി.സുധാകരൻ

മറുപടി

ശ്രീ.കെ.പി.മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | നെൽകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ; | എ) | നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് , സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം എന്നീ നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ നെൽകർഷകർക്ക് ഹെക്ടറിന് 1000/- രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും സപ്ളൈകോ വഴി കിലോയ്ക്ക് 19/- രൂപ നിരക്കിൽ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | കരിനില വികസന ഏജൻസികളിലൂടെ പാടശേഖരങ്ങൾക്കെന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകു ന്നത്; വ്യക്തമാക്കാമോ ; | ബി) | കരിനില വികസന ഏജൻസികളിലൂടെ പ്രധാനമായും നെൽകൃഷിചെയ്യുന്നതിന് ആവശ്യമായ നെൽവിത്തിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സബ്സിഡി, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ആനുകൂല്യങ്ങൾ എന്നിവ നൽകുന്നു. ഉറവൂർ കരിനില വികസന ഏജൻസി പ്രദേശത്തുള്ള പാടശേഖരങ്ങളുടെ കൊയ്ത്തുകൂലി , മറ്റത്യാവശ്യ വികസന പ്രവർത്തനങ്ങൾക്കുള്ള ആനുകൂല്യങ്ങളും നൽകിവരുന്നു. |

| | | | |
|---|---|---|---|
| സി) | നെൽകർഷകർക്ക് നൽകി വന്നിരുന്ന സബ്സിഡി നിർത്ത ലാക്കിയിട്ടുണ്ടോ ; വ്യക്ത മാക്കാമോ? | സി) | നെൽകർഷകർക്ക് നൽകി വന്നിരുന്ന സബ്സിഡികൾ തുടർന്നും നൽകിവരുന്നുണ്ട്. |

സെക്ഷൻ ആഫീസർ